KERALA SCHOOL KALOLSAVAM 2016-17
KANNUR - 2017 JANUARY 16-22
Code No.
309

KERALA SCHOOL KALOLSAVAM 2016-17 PROGRAMME COMMITTEE

# മനുഷ്യാവകാശ സംരക്ഷണം.

"ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്" എന്നു പറഞ്ഞത് റെനെ ദെക്കാർത്തെയാണ്. മനുഷ്യൻ ഒരു സമൂഹത്തിൽ നിലനിൽക്കുന്നത് നിരന്തരമായ ചിന്താപ്രക്രിയയിലൂടെ അവൻ ഇവിടെ സാന്നിധ്യം അറിയിക്കുമ്പോഴാണ്. ആ മനുഷ്യൻ തന്റെ സഹജീവികളെ എപ്പോഴും പരിഗണിക്കുന്ന എന്നതിന്റെ ഉത്തമ ഉദാഹരണമാണ് മനുഷ്യാവകാശം എന്ന സങ്കൽപ്പം തന്നെ.

മനുഷ്യന് മനുഷ്യനായി ജീവിക്കാൻ, നിലനിൽക്കാൻ അന്തസ്സോടെയും അഭിമാനത്തോടെയും ഒരു ജീവിതം നയിക്കാൻ ഉതകുന്ന അവകാശങ്ങളെയാണ് "മനുഷ്യാവകാശങ്ങൾ" എന്നു നാം നിർവ്വചിക്കുന്നത്. പ്രകൃതിയോട് മല്ലിട്ട് നദീതീരങ്ങളിൽ സ്ഥിരവാസമുറപ്പിച്ച ആധുനിക മനുഷ്യൻ ഒരു സാമൂഹ്യജീവിതം ആരംഭിച്ച അന്നുമുതൽ തന്നെ അവന്റെ അവകാശങ്ങൾ സ്ഥാപിതമായിരുന്നു എന്നു പറയാം. ഐക്യരാഷ്ട്രസംഘടന 'മനുഷ്യാവകാശങ്ങൾ' എന്ന പദം കണ്ടെത്തുന്നതിനു മുൻപുതന്നെ മനുഷ്യന്റെ അവകാശങ്ങൾ സ്ഥാപിതമായിരുന്നു എന്നു ചുരുക്കം.

മനുഷ്യാവകാശം എന്നത് കടൽ പോലെ ആഴമുള്ളതും ആകാശം പോലെ പരപ്പുള്ളതുമായ ഒരു വിശാലവിഷയവും ആദർശവുമാണ്. ജനാധിപത്യവുമായി അത് അഭേദ്യമായി

Scanned by CamScanner

ബന്ധപ്പെട്ടു കിടക്കുന്നു. 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജനാധിപത്യ ഭരണരീതി നിലവിലിരുന്നു. അന്നു മുതൽ മനുഷ്യാവകാശങ്ങളുടെ ചരിത്രം ആരംഭിക്കുന്നു. സമൂഹത്തെ അടിസ്ഥാനപരമായും സമഗ്രമായും മാറ്റിത്തീർത്ത ഇംഗ്ലണ്ടിലെ ആഭ്യന്തരസമരങ്ങളിലും ഫ്രഞ്ച് വിപ്ലവത്തിലും അന്തർവർത്തിയായി ഇടിച്ചത് എല്ലാ ജനതയുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന ചിന്ത തന്നെയാണ്. അമേരിക്കൻ ആഭ്യന്തരയുദ്ധത്തിന്റെ കാലഘട്ടത്തിൽ ജനാധിപത്യ വാദികൾ ഉയർത്തിവിട്ട "No taxation without representation" എന്ന മുദ്രാവാക്യം വലിയ ജനപ്രീതി പിടിച്ചു പറ്റി. മനുഷ്യാവകാശ ചരിത്രത്തിലെ ആദ്യ സന്ദേശം ഇതായിരുന്നത്രേ. മനുഷ്യാവകാശങ്ങൾ മുൻപേ സ്ഥാപിതമായെങ്കിലും ഔദ്യോഗികമായി അവയുടെ ചരിത്രം ആരംഭിക്കുന്നത് "മാഗ്നാകാർട്ട"യിലൂടെയായിരുന്നു.

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

മനുഷ്യജീവന്റെ നിലനിൽപ്പുതന്നെ ആശങ്കയിലാക്കിയ ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും മൂന്നാം ലോക രാജ്യങ്ങളെ തകർത്തെറിഞ്ഞപ്പോൾ പാർശ്വവത്കരിക്കപ്പെട്ട ജനതയുടെ സംരക്ഷണത്തിനായി 1946 oct 24ന് ഐക്യരാഷ്ട്ര സംഘടന രൂപീകരിക്കപ്പെട്ടു. 1952ൽ ഒരു ആഗോള മനുഷ്യാവകാശ കമ്മീഷനും പിന്നീട് ദേശീയ മനുഷ്യാവകാശ കമ്മീഷനുകളും തുടർച്ചയായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും സ്ഥാപിക്കപ്പെട്ടു. ഇന്ത്യയിലെ ഏറ്റവും മികച്ച കമ്മീഷൻ കേരളമാണെന്ന് നമുക്കഭിമാനിക്കാം. ഡിസംബർ 10 ലോകമനുഷ്യാവകാശദിനം ലോകമെമ്പ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

ആചരിച്ചുകൊണ്ട് മനുഷ്യാവകാശത്തിന്റെ പ്രസക്തിയെ നാം ലോകജനതക്കുമുന്നിൽ എടുത്തുകാട്ടുന്നു.

എന്നാൽ ലോകം അനിശ്ചിതത്വത്തിന്റെ, മനുഷ്യാവകാശ ലംഘനങ്ങളുടെ എവറസ്റ്റിലെത്തി നിൽക്കെ അതിനെതിരെ ലോകമണ്ഡലത്തിലുള്ള ചെറുത്തുനിൽപ്പ് ഇല്ലോ. ഇല്ലെന്നു പറയാതെ വയ്യ. കാൽനൂറ്റാണ്ടിന്റെ ഈ അന്തരാളഘട്ടത്തിലാണ് അൽഖ്വയ്ദയും നവനാസികളും ഗോഡ്സെമാരും രംഗത്തെത്തിയത്. അഫ്ഗാനിൽ താലിബാൻ ഭീകരർ ബാമിയാനിലെ ബുദ്ധപ്രതിമകൾ തകർത്തെപ്പെട്ടത്. ബാബറി മസ്ജിദ് തകർക്കപ്പെട്ടത്. ഇനിയും തകർക്കാനെന്തുണ്ടെന്നന്വേഷിച്ച് അവർ ശ്വാസം പിടിച്ചോടുകയാണ്. ഗാന്ധിജിയുടെയും തിരുനെഞ്ചിന നേർക്ക് നിറയൊഴിച്ച അതേ പിസ്റ്റളുകളെടുത്ത് അവർ ധബോൽക്കറെയും പൻസാരെയെയും കൽബുർഗിയെയും വധിക്കുന്നു. മതസൗഹാർദ്ദത്തിന്റെ നറുമണം വീശുന്ന പുണ്യസ്ഥലങ്ങളായ പുരാതനക്ഷേത്രങ്ങളിൽ നിന്ന് അഹിന്ദുക്കളെ ആട്ടിയോടിച്ച് ചാതുർവർണ്യശുദ്ധിയുടെ യാഗം കഴിക്കാൻ അവർ വിറളിപിടിച്ചോടുന്നു.

ഈ ഇന്ത്യാരാജ്യത്തെ ജനങ്ങളുടെ മനുഷ്യാവകാശം ഒരിക്കൽ നിഷേധിക്കപ്പെട്ടപ്പോഴാണ് ഇവിടെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങൾ ഉണ്ടായത്. Freedom is my birthright. I'll have it എന്നു പ്രഖ്യാപിച്ച ബാലഗംഗാധര തിലകനിൽ തുടങ്ങി, നിങ്ങളെനിക്ക

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാമെന്ന് പ്രഖ്യാപിച്ച സുഭാഷ് ചന്ദ്ര ബോസിലൂടെ 'അഹിംസ' എന്ന ആയുധമുപയോഗിച്ച് ലോക ജനാധിപത്യത്തിനും ദേശീയ സ്വാതന്ത്ര്യസമരത്തിനും അടിത്തറ പാകിയ ഗാന്ധി വരെ... ത്യാഗത്തിന്റെയും സഹനത്തിന്റെ സമാനതകളില്ലാത്ത പ്രവൃത്തി രൂപങ്ങൾക്ക് സാക്ഷിനിർത്തി നാം നേടിയെടുത്ത മനുഷ്യാവകാശങ്ങളുടെ നഭോമണ്ഡലത്തിൽ അസ്വസ്ഥതയുടെ കാർമേഘങ്ങൾ ദർശിക്കുകയാണിന്ന് നാമിന്ന്.

സ്വാതന്ത്ര്യം ലഭിച്ച അന്നുതന്നെ ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ ജന്മനാട്ടിൽ ജീവിക്കാനുള്ള ഒരു മനുഷ്യന്റെ മൗലികാവകാശമാണ് നിഷേധിക്കപ്പെട്ടത്. ഇന്ത്യയിൽ അസ്വസ്ഥത പടർത്തുന്ന തീവ്രവാദ ഭീകരവാദ സംഘടനകൾ സമാധാനത്തോടെ ജീവിക്കാനുള്ള അവകാശത്തെയാണ് മാറ് തടയുന്നത്. അന്ന് മൊറാദാബാദിലും ജംഷഡ്പൂരിലും ഗോദ്രയിലും മരിച്ചു വീഴുന്നവരുടെ ജാതിയും മതവും നോക്കി വിഷവിത്തുകൾ ഉണക്കി സൂക്ഷിക്കുന്നവരെ സൂക്ഷിക്കുക. ആവശ്യം വരുമ്പോൾ അവരത് വിതക്കുകയും കൊയ്തെടുക്കുകയും ചെയ്യും.

സ്വാതന്ത്ര്യത്തിന്റെ ഏഴരദശകങ്ങൾ പിന്നിട്ടിട്ടും പട്ടിണിയും ദാരിദ്ര്യവും നമുക്ക് ഒഴിവാക്കാനായിട്ടില്ല. ഇന്ത്യയിലെ അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവുള്ളവരായി

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

43% കുട്ടികൾ ജന്മമെടുക്കുന്നു. MNB യുടെ കണക്കു-കളനുസരിച്ച് ഗ്രാമീണ ജനതയുടെ 70% 1980 കളിൽ കഴിച്ച ആഹാരത്തിന്റെ പകുതി പോലും ഇന്ന് കഴിക്കുന്നില്ല. രാജസ്ഥാനിലെ ഒരു സർവ്വേ റിപ്പോർട്ട് പ്രകാരം 500 അമ്മമാരിൽ തലേദിവസം ധാന്യം കഴിക്കാത്തവർ 150 പേരും പച്ചക്കറി കഴിക്കാത്തവർ 250 പേരുമായിരുന്നു. ദാരിദ്ര്യവും പട്ടിണിമരണങ്ങളും രോഗപീഢകളും ഇന്ത്യയെ വലക്കുമ്പോൾ 20 വർഷത്തിനുള്ളിൽ 20 ലക്ഷം കോടി രൂപയെങ്കിലും ഇന്ത്യൻ ഖജനാവിന് നഷ്ടമാക്കിയ ഉദ്യോഗസ്ഥ ഭരണനേതൃത്വങ്ങളുടെ കഴിവില്ലായ്മകൾ നാം കാണുന്നു. ഭക്ഷണം ലഭ്യമാക്കുന്നതിനായി അടിത്തട്ടിൽ പ്രവർത്തനങ്ങളുണ്ടാവണം. പൊതുവിതരണ സമ്പ്രദായവും കൂടുതൽ ശക്തിപ്പെടുകയും ദാരിദ്ര്യ നിർമാർജന പദ്ധതികൾ ആസൂത്രിതമാവുകയും വേണം.

മനുഷ്യാവകാശ ലംഘനങ്ങൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങുന്നത് സ്ത്രീകളും കുട്ടികളുമാണ്. തുർക്കിയിലെ ബോഡ്രം തീരത്ത് മണലിൽ മുത്തമിട്ടു കിടന്ന ഐലൻ കുർദിയും ഓറാച്ചകലെ അമ്മയും ലോക സമാധാനത്തിനുമുന്നിൽ ചോദ്യചിഹ്നമാവുന്നു. ഒരു വർഷം 5 ലക്ഷം അഭയാർത്ഥികൾ ലോകമാകെ പ്രവഹിക്കുമ്പോൾ ഒരു തുണ്ട് ഭൂമിയിൽ മാന്യതയോടെ ജീവിക്കാൻ അവർക്ക് അവകാശമില്ലാതാവുകയല്ലേ? ജനാധിപത്യ രാജ്യമെന്ന് അഭിമാനിക്കുന്ന ഇന്ത്യയുടെ തലസ്ഥാനം "ബലാത്സംഗ നഗരം" എന്നറിയപ്പെ-

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

എന്നറിയപ്പെടുമ്പോൾ, ഓരോ മിനുട്ടിലും ഒരു സ്ത്രീ ആക്രമിക്കപ്പെടുമ്പോൾ, സതിയും ശൈശവവിവാഹങ്ങളും ഖാപ് പഞ്ചായത്തുകളിൽ അനസ്യൂതം അരങ്ങേറുമ്പോൾ, ഒന്നര ലക്ഷം പെൺഭ്രൂണഹത്യകൾ നടക്കുമ്പോൾ ജിഷയും സൗമ്യയും നിർഭയയും ശാരിയും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

"ദേവി ഭൂമി നിനക്കെല്ലാമറിയാം
നിന്റെ ചന്തയിൽ പാഴ്‌വിലക്കു-
മെടുക്കാനൊത്തതാണല്ലിപ്പെണ്ണിന്റെ ജീവിതം"

എന്ന് സുഗതകുമാരി ആകുലപ്പെടുമ്പോൾ

"ഇനി മേലിൽ പുഴുവട്ടിൽ പൊതിഞ്ഞ
പാവകളായ് മണിമേടപ്പുറത്തിവർ മരുവുകില്ല"

എന്ന മറ്റൊരു വരി ഉത്തരമാകുന്നു. സ്ത്രീയെ ബഹുമാനിക്കുന്ന, അധികാരത്തിന്റെയും നിയമവ്യവസ്ഥയുടെ ഉന്നതങ്ങളിൽ സ്ഥാനം നൽകുന്ന, സ്വാതന്ത്ര്യത്തിന്റെ ചിറകരിയാത്ത ഒരു സമൂഹസൃഷ്ടിക്കായി സ്ത്രീയും പുരുഷനും, കുടുംബവും ലോകവും സർക്കാരും സമൂഹവും ഒത്തൊരുമിച്ചു പ്രവർത്തിക്കുകയേ നിവൃത്തിയുള്ളൂ.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പിടിച്ചുലച്ച് ~~[illegible]~~ നിലവിൽ വന്ന നോട്ടുനിരോധനം ഒരു ഇന്ത്യൻ ജനതയുടെ മനുഷ്യാവകാശങ്ങളെ തകർത്തിരുന്നു എന്ന് 122പേർ മരിച്ച വാർത്തയിൽ നിന്നും നാം മനസ്സിലാക്കുന്നു.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഭരണാധികാരികൾ നമുക്കു മുൻപിൽ വച്ചു നീട്ടുന്ന മോഹന വാഗ്ദാനങ്ങൾക്കപ്പുറം സ്വന്തം മണ്ണിൽ അധ്വാനത്തിന്റെ രുചിയറിയാനാവാതെ പൊട്ടക്കിണറ്റിലെ തവളകളായി ഒരു രാജ്യത്തെ ജനത മാറിക്കൊണ്ടിരിക്കുന്നു. ~~രാജ്യത്തെ~~ കോർപറേറ്റ് കുന്നുകൾ ~~അസമത്വത്തിൻ~~ സമ്പത്തിന്റെ ഉരുത്തുകൾ നിർമിക്കാൻ ഇന്ത്യയിൽ ചേരികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. "ഡിജിറ്റൽ ഇന്ത്യ" എന്ന ആശയം നാം സ്വാഗതം ചെയ്യുമ്പോൾ 20-25 കോടി ഇന്ത്യൻ ജനങ്ങൾ കാടുകളിലാണ് വസിക്കുന്നതെന്ന സത്യം ഇന്ത്യൻ ഭരണകൂടങ്ങൾ മറക്കുന്നതെന്തേ?

മനുഷ്യന്റെ സമഗ്രവികാസത്തിനും അതിനാധാരമായ സാമൂഹ്യവികസനത്തിനുമാണ് വിദ്യാഭ്യാസം സഹായിക്കേണ്ടതെങ്കിൽ ക്ഷേമരാഷ്ട്രമെന്ന് ഭരണഘടന പറയുന്ന ഇന്ത്യയിൽ വിദ്യാഭ്യാസത്തിന്നുള്ള മൗലികാവകാശങ്ങൾക്കു പോലും നിഷേധിക്കപ്പെടുന്നു. ഇവിടെ ജിഷ്ണു- സ്വകാര്യ മാനേജ്മെന്റുകളുടെ പീഡനത്തിനിരയാകുമ്പോൾ രോഹിത് വെമുല ദളിതനായി ~~ജനിച്ചതിൽ~~ ജനിച്ചതിൽ മരണത്തിലഭയം ~~തേ~~ തേടുന്നു. ഈ രാജ്യത്തെ സുന്ദരമാക്കാൻ ഇടിമുറികളല്ല, മറിച്ച് സർഗാത്മകതയെ ആവിഷ്കാരസ്വാതന്ത്ര്യത്തെ ~~തക~~ തളച്ചിടാത്ത ഉത്തമ വിദ്യാലയ സംസ്കാരമാണ് ഉടലെടുക്കേണ്ടത്. ~~കുട്ടികളെ~~ വിദ്യാർത്ഥികൾക്കെതിരായ അതിക്രമങ്ങൾ സമൂഹത്തിന്റെ താളം തെറ്റിക്കുന്നു. നിസ്സംഗമായ നമ്മുടെ സമീപനങ്ങൾക്കെതിരെ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

അത് കലാപത്തിന്റെ കനൽ കോരുകുന്നു.

"യുദ്ധം കിഴക്കായാലും പടിഞ്ഞാറായാലും
അത് ശാന്തിയുടെ മരണമാണ്
രക്തം എന്റേതായാലും നിന്റേതായാലും
അത് മനുഷ്യരക്തമാണ്"

എന്ന് സാഹിർ അഭിപ്രായപ്പെടുമ്പോൾ സിറിയയിലും പാലസ്തീനിലും ഇസ്രയേലിലും അനാഥരാക്കപ്പെടുന്ന ജീവനുകൾ ഇന്ത്യയുടെ പൂന്തോട്ടമായ കശ്മീരിൽ തീവ്രവാദികൾക്കിടയിൽ പെട്ടുപോകുന്ന മനുഷ്യർ....

മനുഷ്യാവകാശസംരക്ഷണം എന്നത് നിതാന്ത ജാഗ്രതയാവശ്യപ്പെടുന്ന നിരന്തര പ്രക്രിയയായിത്തീരുന്നു ഇവിടെ.

~~വിശക്കുന്നത്~~

വിശക്കുന്നവന് ഭക്ഷണമാണ് അവകാശം, തടവറയിലക്കപ്പെട്ടവന് സ്വാതന്ത്ര്യമാണ് അവകാശം, കുടിവെള്ളം നിഷേധിക്കപ്പെട്ടവന് ദാഹജലമാണ് അവകാശം, മലിനമായ പരിസ്ഥിതികളെ നേരിടേണ്ടി വരുമ്പോൾ അൽപം ശുദ്ധവായുവാണ് അവകാശം.

അനാചാരങ്ങളും അത്യാചാരങ്ങളും അരങ്ങുതകർക്കുന്ന അന്ധവിശ്വാസക്കൊടുങ്കാറ്റിൽ ഹിംസയിൽ നിന്നും രക്ഷയാകേണ്ട സമാധാനം എന്ന അവകാശമാണ് അവകാശം.

ഒരു മനുഷ്യൻ ഇവിടെ ജീവിക്കുമ്പോൾ സഹജീവികളുൾപ്പെടുന്ന

ന

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

സമൂഹത്തിന് അവന്റെ സംരക്ഷണത്തിന്
പ്രതിബദ്ധതയുണ്ട്.

"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ്
ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം
സൗരമണ്ഡലം
ഒരു പുഞ്ചിരി മറ്റുള്ളവർക്കായ്
ഞാൻ ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമല പൗർണമി"

എന്ന അക്കിത്തത്തിന്റെ വരികളെ ഓർത്തുകൊണ്ട്, 'വസുധൈവ കുടുംബകം' എന്ന മന്ത്രം ജീവശ്വാസപരമായി-ത്തന്നെ രക്തത്തിലാവാഹിച്ച ഒരു ജനതക്ക് അന്യന്റെ വാക്കുകൾക്ക് സംഗീതത്തിന്റെ മാധുര്യമുണ്ടാകുന്ന, മനുഷ്യചോദനകളെ മത്സരമില്ലാതെ കെട്ടഴിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കാനാവും. എന്ന സ്വപ്നം മനസ്സിലാവാഹിച്ചുകൊണ്ട് "മനുഷ്യാവകാശ സംരക്ഷണം" എന്ന മനുഷ്യനോളമോ അതിനെക്കാളുമോ വലിപ്പമുള്ള ഈ ആശയത്തെ ഒരു ദർശനമാക്കി വികാരമാക്കി നെഞ്ചിലേറ്റെടുക്കാം.

എന്തിനും പ്രാപ്തിയുള്ള മനുഷ്യൻ വിജയിക്കുക തന്നെ ചെയ്യും. ഞാനും നിങ്ങളും നമ്മളുമടങ്ങുന്ന പൊതുസമൂഹം ഈ ലക്ഷ്യ പൂർത്തീകരണത്തിനായി, മനുഷ്യാവകാശ നഭോമണ്ഡലത്തിലെ കാർമേഘങ്ങളെ തുരത്തി സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേൽക്കട്ടെ

"ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത